## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1370** — 13.12.2012-ൽ മറുപടിയ്ക്ക്

### ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതിപ്രകാരം എത്ര കി.മീ.റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് എന്ന വിവരം ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ ; | (എ) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പ് ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാറില്ല. എന്നാൽ ഈ സാമ്പത്തിക വർഷം (2012-13) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലെ 1211 ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 205.031 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി പ്രകാരം 2012-13 വർഷം കോട്ടയം ഡിവിഷനു കീഴിൽ എത്ര കി.മീ.റോഡ് ടാർ ചെയ്യുന്നതിന് അനുമതി ലഭിച്ചു എന്ന് സബ് ഡിവിഷൻ തലത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ; | (ബി) കോട്ടയം ഡിവിഷനു കീഴിൽ മൊത്തം 138 കി.മീ ഗ്രാമീണ റോഡുകൾ ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സബ് ഡിവിഷൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1)കാഞ്ഞിരപ്പള്ളി സബ്ഡിവിഷൻ-6.20 കി.മീ<br>2) പാലാ സബ് ഡിവിഷൻ - 99.00 കി.മീ<br>3)കടുത്തുരുത്തി സബ് ഡിവിഷൻ - 3.00 കി.മീ<br>4) കോട്ടയം സബ് ഡിവിഷൻ - 24.65 കി.മീ<br>5)ചങ്ങനാശ്ശേരി സബ് ഡിവിഷൻ - 5.15 കി.മീ |
| (സി) ഒറ്റത്തവണ ടാർ ചെയ്യുന്നതിനായി റോഡുകൾ ഏറ്റെടുക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് വകുപ്പ് നിഷ്കർഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) പ്രത്യേക മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടില്ല. വളരെ മോശമായതും ജനപ്രതിനിധികളും തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവികളും ആവശ്യപ്പെടുന്നതുമായ റോഡു ഭാഗങ്ങളാണ് സാധാരണയായി ഉൾപ്പെടുത്തുന്നത്. |

**സെക്ഷൻ ഓഫീസർ**